**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 676** **26-07-2021 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി - നാടുകാണി പാത നവീകരണ പ്രവൃത്തിയുടെ പരപ്പനങ്ങാടി മുതൽ കക്കാട് വരെയുള്ള ഭാഗത്തിന്റെ നിർമ്മാണം സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (എ) | നാടുകാണി - പരപ്പനങ്ങാടി പദ്ധതിയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ തിരൂരങ്ങാടി മണ്ഡലത്തിൽ കക്കാട് മുതൽ പരപ്പനങ്ങാടി വരെ (Ch 90/000 to 104/700 )ഉള്ള ഭാഗം 7.00 മീറ്റർ വീതിയിലോ നിലവിലുള്ള 7.00 മീറ്റർ കൂടുതൽ വീതിയിലോ ബി.സി. ഓവർലേ പ്രവർത്തികളും ഔട്ട് ലെറ്റം 12 മീറ്റർ വീതിയും ലഭ്യമാകുന്ന ഭാഗങ്ങളിൽ ഡ്രൈനേജ് നിർമ്മാണവുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പൊതുമരാമത്ത് ഭൂമി ലഭ്യമായ 12 മീറ്റർ വീതിയുള്ള ഭാഗങ്ങളിൽ നിലവിലെ റോഡ് 9.00 മീറ്റർ വീതി കൂട്ടി ഡി.ബി.എമ്മും ഉം ബിസി ഓവർ ലേ പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. ഇതിൽ കക്കാട് മുതൽ എം കെ എച്ച് ഹോസ്പിറ്റൽ വരെ നിലവിലുള്ള വീതിയിൽ ബിസി ഓവർ ലേ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മമ്പുറം ബൈപാസ് (Ch 0/00 - Ch 1/000) വരെയും, തൃക്കുളം സ്കൂൾ മുതൽ തൃക്കുളം അമ്പലപ്പടി വരെ നിലവിലുള്ള വീതിയിൽ ബി സി ഓവർലേ പ്രവൃത്തിയും, തൃക്കുളം അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫ്ലൈ ഓവർ വരെ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ 9.00മീറ്ററിൽ വീതി കൂട്ടി ഡി ബി എമ്മും ബി സിയും, ഫ്ലൈ ഓവർ മുതൽ ചിറമംഗലം വരെ നാറ്റ്പാക് ഡിസൈൻ പ്രകാരം 9.00 മീറ്റർ വീതിയിൽ ഡി ബി എമ്മും ബി സി പ്രവൃത്തികളിൽ 12 മീറ്റർ വീതി ലഭ്യമല്ലാത്ത 400 മീറ്റർ ഒഴികെയുള്ള ഭാഗങ്ങളിൽ ഉപരിതല പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എം കെ എച്ച് ഹോസ്പിറ്റൽ മുതൽ തൃക്കുളം സ്കൂൾ വരെയുള്ള ഭാഗങ്ങളിൽ ബി സി ഓവർ ലേ പ്രവൃത്തി നടത്തി വരവേ നിലവിലെ റോഡ് 12 മീറ്റർ വീതിയാക്കി മാത്രമേ ഉപരിതലം പുതുക്കാവൂ എന്നാവശ്യപ്പെട്ട സമരസമിതിയുടെ പേരിൽ പ്രവൃത്തി തടയുകയും ഇതിനെ തുടർന്ന് പ്രവൃത്തി നിർത്തിവെക്കുകയും ഉണ്ടായി. നിലവിൽ റീസർവേ നടന്ന ഭാഗങ്ങളിലെ കയ്യേറ്റം സംബന്ധിച്ച |

സ്കെച്ച് ലഭ്യമാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. നിലവിലെ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 280.30 കോടി രൂപ പ്രകാരമുള്ള പ്രവർത്തികളിൽ തിരൂരങ്ങാടി മണ്ഡലത്തിൽ എം കെ എച്ച് ഹോസ്പിറ്റൽ മുതൽ തൃക്കുളം സ്കൂൾ വരെ 3.54 കി.മി. നീളത്തിലുള്ള ബി സി ഓവർലേ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഡ്രൈനേജ് നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭാഗങ്ങളിൽ ഡ്രൈനേജും അനുബന്ധ നിർമ്മാണ പ്രവർത്തികളും പൂർത്തിയാക്കണമെങ്കിൽ 450 കോടി രൂപയുടെയുള്ളിലുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകരിക്കേണ്ടതുണ്ട്. നിലവിലെ പുതുക്കിയ എസ്റ്റിമേറ്റ് 280.30 കോടി രൂപയ്ക്ക് നിജപ്പെടുത്തിയതിനാലും 12 മീറ്റർ വീതി ലഭിക്കാത്ത ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടതിനാലും ഡ്രൈനേജും മറ്റ് അനുബന്ധ പ്രവർത്തികളും നടപ്പാക്കുന്നതിന് അനുവദിച്ച ഫണ്ട് അപര്യാപ്തമാണ്. പാലത്തിങ്ങൽ പാലവും അതിനോടനുബന്ധിച്ച അപ്രോച്ച് റോഡുകളും ഡ്രൈനേജുകളും നാടുകാണി - പരപ്പനങ്ങാടി ഡി എഫ് ഐ.പി പ്രോജക്റ്റിന്റെ ഭാഗമാണെങ്കിലും, ആയതിന്റെ നിർമ്മാണ പ്രവർത്തങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുള്ളത് പൊതുമരാമത്ത് പാലം വിഭാഗമാണ്. പരപ്പനങ്ങാടി മുതൽ ചിറമംഗലം വരെയുള്ള ഭാഗങ്ങളിൽ അഞ്ചപ്പുരയിൽ വീതി 12മീറ്റർ ലഭ്യമല്ലാത്ത 100 മീറ്ററോളം നീളത്തിൽ ഒഴികെയുള്ള ഭാഗങ്ങളിൽ ഏകദേശം 2.5 കി.മീ. നീളത്തിൽ ഡ്രൈനേജ് ഇരുഭാഗത്തും നിർമ്മിച്ചിട്ടുണ്ട്. അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫ്ലൈ ഓവർ വരെയുള്ള ഭാഗത്തെ ഡ്രൈനേജ് നിർമ്മാണം 80% (5.50കി.മി.നീളത്തിൽ) പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ പാലത്തിങ്ങൽ ഭാഗത്ത് ഏകദേശം 150 മീറ്റർ നീളത്തിൽ പ്രവർത്തി നടപ്പിലാക്കേണ്ടതുണ്ട്. ഈ ഭാഗത്ത് അതിർത്തി സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ട്. അമ്പലപ്പടി മുതൽ എം കെ എച്ച് ഹോസ്പിറ്റൽ വരെയുള്ള ഭാഗങ്ങളിൽ ഔട്ട് ലെറ്റ് ലഭ്യമായ സ്ഥലത്ത് എം കെ എച്ച് ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ ഏകദേശം 100 മീറ്റർ മാത്രമേ ഡ്രൈനേജ് നിർമ്മാണം നടന്നു വരുന്നുള്ളൂ. ഓറിയന്റൽ സ്കൂൾ മുതൽ അമ്പലപ്പടി വരെയുള്ള ഡ്രൈനേജ് നിർമ്മാണം നടക്കണമെങ്കിൽ 12 മീറ്റർ വീതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനു സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ്

| | | | |
|---|---|---|---|
| | | | തുകയായ 280.30 കോടി രൂപ പ്രവർത്തികളിൽ എം കെ എച്ച് ഹോസ്പിറ്റൽ മുതൽ തിരൂരങ്ങാടി ഹൈസ്കൂൾ വരെയുള്ള ഭാഗത്തുള്ള (100.മി. നീളത്തിൽ) ഡ്രൈനേജ് നിർമ്മാണത്തിനുള്ള തുക മാത്രമാണ് അംഗീകാരം ലഭിച്ച നിലവിലെ പുതുക്കിയ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളു. ഇത് സംബന്ധിച്ച് ചേർന്ന മീറ്റിംഗിൽ തിരുരങ്ങാടി ഭാഗത്തെ ഡ്രൈനേജ് നിർമ്മാണം ത്വരിതപെടുത്ത ണമെന്ന ആവശ്യത്തിന്റെ അടിസ്ഥാന ത്തിലാണ് എം കെ എച്ച് ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളത്. ഈ ഭാഗത്തു വീതിയുള്ള സ്ഥലങ്ങളിൽ പ്രവർത്തികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയിൽ മണ്ഡലത്തിൽ ഏതെല്ലാം ഭാഗത്ത് ഡ്രൈനേജ് നിർമ്മിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ? | (ബി) | നാടുകാണി - പരപ്പനങ്ങാടി പദ്ധതിയിൽ ഒറിജിനൽ എസ്റ്റിമേറ്റിൽ തിരൂരങ്ങാടി മണ്ഡലത്തിൽ കക്കാട് മുതൽ പരപ്പനങ്ങാടി വരെ (Ch 90/000 to 104/700 )ഉള്ള ഭാഗം 7.00 മീറ്റർ വീതിയിലോ നിലവിലുള്ള 7.00 മീറ്റർ കൂടുതൽ വീതിയിലോ ബി.സി. ഓവർലേ പ്രവർത്തികളും ഔട്ട് ലെറ്റും 12 മീറ്റർ വീതിയും ലഭ്യമാകുന്ന ഭാഗങ്ങളിൽ ഡ്രൈനേജ് നിർമ്മാണവുമാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ പൊതുമരാമത്ത് ഭൂമി ലഭ്യമായ 12 മീറ്റർ വീതിയുള്ള ഭാഗങ്ങളിൽ നിലവിലെ റോഡ് 9.00 മീറ്റർ വീതി കൂട്ടി ഡി.ബി.എമ്മും ഉം ബിസി ഓവർ ലേ പ്രവൃത്തിയുമാണ് ചെയ്തിട്ടുള്ളത്. ഇതിൽ കക്കാട് മുതൽ എം കെ എച്ച് ഹോസ്പിറ്റൽ വരെ നിലവിലുള്ള വീതിയിൽ ബിസി ഓവർ ലേ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മമ്പുറം ബൈപാസ് (Ch 0/00 - Ch 1/000) വരെയും, തൃക്കുളം സ്കൂൾ മുതൽ തൃക്കുളം അമ്പലപ്പടി വരെ നിലവിലുള്ള വീതിയിൽ ബി സി ഓവർലേ പ്രവൃത്തിയും, തൃക്കുളം അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫ്ലൈ ഓവർ വരെ ഭൂമി ലഭ്യമായ സ്ഥലങ്ങളിൽ 9.00മീറ്ററിൽ വീതി കൂട്ടി ഡി ബി എമ്മും ബി സിയും, ഫ്ലൈ ഓവർ മുതൽ ചിറമംഗലം വരെ നാറ്റ്പാക് ഡിസൈൻ പ്രകാരം 9.00 മീറ്റർ വീതിയിൽ ഡി ബി എമ്മും ബി സി പ്രവൃത്തികളിൽ 12 മീറ്റർ വീതി ലഭ്യമല്ലാത്ത 400 മീറ്റർ ഒഴികെയുള്ള ഭാഗങ്ങളിൽ ഉപരിതല പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എം കെ എച്ച് ഹോസ്പിറ്റൽ മുതൽ തൃക്കുളം സ്കൂൾ വരെയുള്ള ഭാഗങ്ങളിൽ ബി സി ഓവർ ലേ പ്രവൃത്തി നടത്തി വരവേ നിലവിലെ റോഡ് 12 മീറ്റർ വീതിയാക്കി മാത്രമേ ഉപരിതലം പുതുക്കാവൂ എന്നാവശ്യപ്പെട്ട സമരസമിതിയുടെ പേരിൽ പ്രവൃത്തി തടയുകയും ഇതിനെ തുടർന്ന് പ്രവൃത്തി നിർത്തിവെക്കുകയും ഉണ്ടായി. നിലവിൽ റീസർവേ നടന്ന ഭാഗങ്ങളിലെ കയ്യേറ്റം സംബന്ധിച്ച |

സ്കെച്ച് ലഭ്യമാക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. നിലവിലെ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ് തുകയായ 280.30 കോടി രൂപ പ്രകാരമുള്ള പ്രവർത്തികളിൽ തിരൂരങ്ങാടി മണ്ഡലത്തിൽ എം കെ എച്ച് ഹോസ്പിറ്റൽ മുതൽ തൃക്കുളം സ്കൂൾ വരെ 3.54 കി.മി. നീളത്തിലുള്ള ബി സി ഓവർലേ മാത്രമാണ് പൂർത്തീകരിക്കാനുള്ളത്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഡ്രൈനേജ് നിർമ്മാണം 95% പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഭാഗങ്ങളിൽ ഡ്രൈനേജും അനുബന്ധ നിർമ്മാണ പ്രവർത്തികളും പൂർത്തിയാക്കണമെങ്കിൽ 450 കോടി രൂപയ്ക്കുള്ളിലുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകരിക്കേണ്ടതുണ്ട്. നിലവിലെ പുതുക്കിയ എസ്റ്റിമേറ്റ് 280.30 കോടി രൂപയ്ക്ക് നിജപ്പെടുത്തിയതിനാലും 12 മീറ്റർ വീതി ലഭിക്കാത്ത ഭാഗങ്ങളിൽ സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കേണ്ടതിനാലും ഡ്രൈനേജും മറ്റ് അനുബന്ധ പ്രവർത്തികളും നടപ്പാക്കുന്നതിന് അനുവദിച്ച ഫണ്ട് അപര്യാപ്തമാണ്. പാലത്തിങ്ങൽ പാലവും അതിനോടനുബന്ധിച്ച അപ്രോച്ച് റോഡുകളും ഡ്രൈനേജുകളും നാടുകാണി - പരപ്പനങ്ങാടി ഡി എഫ് ഐ.പി പ്രോജക്ടിന്റെ ഭാഗമാണെങ്കിലും, ആയതിന്റെ നിർമ്മാണ പ്രവർത്തങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുള്ളത് പൊതുമരാമത്ത് പാലം വിഭാഗമാണ്. പരപ്പനങ്ങാടി മുതൽ ചിറമംഗലം വരെയുള്ള ഭാഗങ്ങളിൽ അഞ്ചപ്പുരയിൽ വീതി 12മീറ്റർ ലഭ്യമല്ലാത്ത 100 മീറ്ററോളം നീളത്തിൽ ഒഴികെയുള്ള ഭാഗങ്ങളിൽ ഏകദേശം 2.5 കി.മി. നീളത്തിൽ ഡ്രൈനേജ് ഇരുഭാഗത്തും നിർമ്മിച്ചിട്ടുണ്ട്. അമ്പലപ്പടി മുതൽ പരപ്പനങ്ങാടി ഫ്ലൈ ഓവർ വരെയുള്ള ഭാഗത്തെ ഡ്രൈനേജ് നിർമ്മാണം 80% (5.50കി.മി.നീളത്തിൽ) പൂർത്തീകരിച്ചിട്ടുണ്ട്. ആയതിൽ പാലത്തിങ്ങൽ ഭാഗത്ത് ഏകദേശം 150 മീറ്റർ നീളത്തിൽ പ്രവർത്തി നടപ്പിലാക്കേണ്ടതുണ്ട്. ഈ ഭാഗത്ത് അതിർത്തി സംബന്ധിച്ച് തർക്കം നിലനിൽക്കുന്നുണ്ട്. അമ്പലപ്പടി മുതൽ എം കെ എച്ച് ഹോസ്പിറ്റൽ വരെയുള്ള ഭാഗങ്ങളിൽ ഔട്ട് ലെറ്റ് ലഭ്യമായ സ്ഥലത്ത് എം കെ എച്ച് ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ ഏകദേശം 100 മീറ്റർ മാത്രമേ ഡ്രൈനേജ് നിർമ്മാണം നടന്നു വരുന്നുള്ളൂ. ഓറിയന്റൽ സ്കൂൾ മുതൽ അമ്പലപ്പടി വരെയുള്ള ഡ്രൈനേജ് നിർമ്മാണം നടക്കണമെങ്കിൽ 12 മീറ്റർ വീതി ലഭ്യമാക്കേണ്ടതുണ്ട്. ആയതിനു സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലെ അംഗീകാരം ലഭിച്ച പുതുക്കിയ എസ്റ്റിമേറ്റ്

| | | | |
|---|---|---|---|
| | | | തുകയായ 280.30 കോടി രൂപ പ്രവർത്തികളിൽ എം കെ എച്ച് ഹോസ്പിറ്റൽ മുതൽ തിരുരങ്ങാടി ഹൈസ്കൂൾ വരെയുള്ള ഭാഗത്തുള്ള (100.മി. നീളത്തിൽ) ഡ്രൈനേജ് നിർമ്മാണത്തിനുള്ള തുക മാത്രമാണ് അംഗീകാരം ലഭിച്ച നിലവിലെ പുതുക്കിയ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ളു. ഇത് സംബന്ധിച്ച് ചേർന്ന മീറ്റിംഗിൽ തിരുരങ്ങാടി ഭാഗത്തെ ഡ്രൈനേജ് നിർമ്മാണം ത്വരിതപെടുത്തണമെന്ന ആവശ്യത്തിന്റെ അടിസ്ഥാന ത്തിലാണ് എം കെ എച്ച് ഹോസ്പിറ്റൽ മുതൽ ഓറിയന്റൽ ഹൈസ്കൂൾ വരെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുള്ളത്. ഈ ഭാഗത്ത് വീതിയുള്ള സ്ഥലങ്ങളിൽ പ്രവർത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ